LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ പൊതുഭിത്തിയാണോ എന്നതിനെ അടിസ്ഥാനമാക്കിയല്ല കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കെട്ടിട നിർമ്മാണത്തിനുള്ള ദൂരപരിധി നിഷ്കർഷിക്കുന്നത്.

മറിച്ച് കെട്ടിടത്തിന്റെ മുൻവശം, പിൻവശം, പാർശ്വവശങ്ങൾ മുതലായവയ്ക്കാണ് പ്ലോട്ടതിരിൽനിന്ന് കെട്ടിടത്തിലേക്ക് അകലം പ്രതിപാദിക്കുന്നത്. എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം IX-ൽ നിരനിരയായുള്ള കെട്ടിടങ്ങൾക്ക് (റോ ബിൽഡിംഗ്സ്) ബാധകമായ ലഘൂകൃത വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്.

(ബി) ബാധകമല്ല.

മാലിന്യസംസ്കരണത്തിനായി കേന്ദ്രീകൃത പദ്ധതികൾ

115 (1484) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാലിന്യസംസ്കരണത്തിനായി സർക്കാർതലത്തിൽ ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രീകൃത പദ്ധതികൾ ഏതെല്ലാമാണ് ; അവ ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെയും ഇതുവരെയുള്ള അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പദ്ധതികൾ പ്രായോഗികമാണോയെന്ന് വ്യക്തമാക്കാമോ ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ഡി) ഈ ദിശയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിലേയ്ക്കായി പൊതു മാലിന്യ സംസ്കരണ സംവിധാനം

നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവത്കരിക്കുന്നതിലേക്കുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ച നഗരസഭകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി പദ്ധതിയുടെ 100% സാമ്പത്തികസഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെയും ഇതുവരെയുള്ള അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ മാലിന്യ പരിപാലന നിർദ്ദേശങ്ങളിൽ പറയുന്ന കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദുർഗന്ധം വമിക്കാതെയും ജനങ്ങൾക്ക് ശല്യമില്ലാതെയും പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാതെയും ഈ പദ്ധതികൾ നടത്തുവാൻ കഴിയും. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതൽ പ്രായോഗികമെന്ന് കണ്ടെത്തിയിട്ടുള്ളത്. ഇതുവഴി കേന്ദ്രീകൃത സംവിധാനത്തിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാൻ കഴിയും.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്കരണം വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിലേയ്ക്ക് വേണ്ടി കമ്പോസ്റ്റ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുകയെന്നതാണ് പൊതുനിലപാട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകിയ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്.

മാലിന്യനിർമ്മാർജ്ജനത്തിനായുള്ള ഇൻസിനറേറ്റർ

116 (1485) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാലിന്യനിർമ്മാർജ്ജനത്തിനായി നിലവിൽ ഇൻസിനറേറ്റർ ഉപയോഗിക്കുന്നുണ്ടോ ;

(ബി) ഇൻസിനറേറ്റർ വാങ്ങുന്നതിനായി ആകെ എന്ത് തുക ചെലവായി ;

(സി) പ്രസ്തുത സംവിധാനം പ്രവർത്തിപ്പിച്ച ഇനത്തിൽ എന്ത് തുക ചെലവായി എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly